അഴിമതി നിവാരണത്തിനുള്ള ബിൽ.

* 774. [42] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെകാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്സ്. പി. ഗവണ്മെൻറു് അഴിമതി നിവാരണത്തിനുവേണ്ടി ഒരു ബിൽ അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നില്ലേ ;

(ബി) പ്രസ്തുത ബില്ലിൻെറ ഇന്നത്തെ സ്ഥിതി എന്താണു്;

(സി) അഴിമതി നിവാരണം സംബന്ധിച്ചു് ഇന്നത്തെ ഗവണ്മെൻറിൻെറ നയം എന്താണു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ:)

(എ) പി. എസ്സ്. പി. ഗവണ്മെൻറു് അഴിമതി നിവാരണത്തിനുവേണ്ടി ഒരു ബില്ലുണ്ടാക്കുന്നതിനു് വേണ്ടനടപടികൾ എടുത്തുകൊണ്ടിരുന്നു.

(ബി) ഇതു സംബന്ധിച്ചു് കേന്ദ്രഗവണ്മെൻറുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണു്.

(സി) അഴിമതി പരിപൂർണ്ണമായി നിവർത്തലാക്കണമെന്നുള്ളതാണു് ഗവണ്മെൻറിൻെറ ഉദ്ദേശം. ഇപ്പോൾ പോലിസു് ഡിപ്പാർട്ടുമെൻറിൽ ഒരു വകുപ്പു് പ്രവർത്തനം നടത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly